# 6

# ക്രിസ്തുവിന്റെ രക്തം മുഖാന്തരം നിരപ്പിലാക്കി

## (2:11-13)

പൗലൊസ് എഫെസ്യയിലെ ക്രിസ്ത്യാനികൾക്ക് ക്രിസ്തുവിന്റെ മഹത്വകരമായ സഭയെ കുറിച്ച് എഴുതിയപ്പോൾ, അവർക്ക് സംഭവിച്ച മാറ്റത്തിന് ഊന്നൽ കൊടുത്തിരുന്നു. അത് ഒരു പുനഃസൃഷ്ടി പോലെയായിരുന്നു, യെഹൂദന്മാരിൽനിന്നും ജാതികളിൽനിന്നുമുള്ള സാഹോദര്യ ബന്ധമായിരുന്നു അവരുടെ പുതിയ നിലനിൽപിന്റെ പ്രത്യേകത.

### മുൻപ് ക്രിസ്തുവിൽനിന്ന് അകന്നിരുന്നു (2:11, 12)

**11ആകയാൽ നിങ്ങൾ മുമ്പെ പ്രകൃതിയാൽ ജാതികളായിരുന്നു; ജഡത്തിൽ കയ്യാലുള്ള പരിച്ഛേദന ഏറ്റു "പരിച്ഛേദനക്കാർ" എന്നു പേരുള്ളവരാൽ "അഗ്രചർമ്മികൾ" എന്നു വിളിക്കപ്പെട്ടിരുന്നു-12അക്കാലത്ത് നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോട് സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്ന് ഓർത്തുകൊൾവിൻ.**

**വാക്യം 11.** ജാതികളിൽനിന്നു ക്രിസ്ത്യാനികളായവരുടെ മുമ്പിലത്തെ അവസ്ഥ ഊന്നി പറഞ്ഞ്, ജാതികളും യെഹൂദന്മാരും തമ്മിലുള്ള അന്തരം വ്യക്തമാക്കുവാൻ തുടങ്ങി. **അതുകൊണ്ട്** (*ഡിയോ*) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്, മുമ്പിലത്തെ ഖണ്ഡികയിൽ പറയുന്നതിനെ യോജിപ്പിക്കുന്നതിനാണ്. കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെട്ട് സൽപ്രവൃത്തികൾ ചെയ്ത് ദൈവത്തിനായി കാത്തിരിക്കുന്നതിനെ കുറിച്ചാണ് അവിടെ പറയുന്നത്. വാക്യം 11-ൽ പൗലൊസ് പറഞ്ഞു തുടങ്ങിയ അന്തരം എന്തെന്നാൽ ജാതികളിൽനിന്നു ക്രിസ്ത്യാനികളായവർക്ക് ക്രിസ്തു മുഖാന്തരം ചെയ്തതിനെല്ലാം നന്ദിയുള്ളവരായി അനുമോദിക്കയും അവൻ കൽപിച്ചതുപോലെ ജീവിക്കയും ചെയ്യണം എന്നാണ്.

**ജഡം** (*സാർക്സ്*) എന്നു പറയുന്നത് ഭൗതികശരീരമാണ് (റോമർ 1:3 നോക്കുക). മനുഷ്യരുടെ സ്വഭാവത്തെയും അത് വ്യക്തമാക്കുന്നു(റോമർ 8:1-12 നോക്കുക). വാക്യം 11-ൽ, ആ വാക്ക് അക്ഷരികമായി ഭൗതിക ശരീരത്തെയാണ് പറയുന്നത്, **മനുഷ്യകൈകളാൽ, ജഡത്തിൽ** ചെയ്യുന്ന പരിച്ഛേദനയാണ് പശ്ചാത്തലം.

യെഹൂദന്മാരെ "**പരിച്ഛേദനക്കാർ**" എന്നു വിളിക്കപ്പെട്ടതും, ജാതികളെ "**അഗ്രചർമ്മികൾ**" എന്നു വിളിക്കപ്പെട്ടതും ആക്ഷേപിച്ചായിരുന്നു. ആൺകുട്ടി

കൾ ജനിച്ച് എട്ടാം ദിവസം യിസ്രായേല്യരെ പരിഛേദന കഴിക്കുന്നത്, തീർച്ചയായും അബ്രഹാമിന്റെ കാലത്ത് തുടങ്ങിയതാണ് (ഉല്. 17:1–27; ലേവ്യ. 12:3). അബ്രഹാം മുഖാന്തരം ദൈവം യിസ്രായേലുമായി ഉണ്ടാക്കിയ ഉടമ്പടിയുടെ അയാളമായിരുന്നു പരിഛേദന. ആ ഭൗതികമായ പ്രവൃത്തി തെളിയിക്കുന്നത് അങ്ങനെയുള്ള യെഹൂദൻ യിസ്രയേലിനുള്ളവൻ എന്നാണ്. അവർ ആ നിയമം അനുസരിച്ച് ജീവിക്കണം എന്ന അടയാളം കൂടെ ആയിരുന്നു അത് (യിരെ. 9:26). ജാതികളുടെ പരിവർത്തനത്തിൽ പരിഛേദന ഉൾപ്പെടുത്തണോ വേണ്ടയോ എന്ന കാര്യത്തിൽ പ്രാരംഭ സഭയിൽ തർക്കം പോലും ഉടലെടുത്തതിനാൽ പരിഛേദനക്ക് അന്നു വലിയ പ്രാധാന്യം കൊടുത്തിരുന്നു. ആ കാര്യത്തെ പരിഗണിക്കുവാൻ യെരുശലേമിൽ ഒരു സമ്മേളനം തന്നെ വിളിച്ചു കൂട്ടിയിരുന്നു. അപ്പൊസ്തലന്മാരും, മൂപ്പന്മാരും, മറ്റു സഹോദരന്മാരും വളരെ ചർച്ച ചെയ്തശേഷം, ജാതികളിൽനിന്നു പരിവർത്തനം ചെയ്തവരുടെ മേൽ ന്യായപ്രമാണത്തിൽ ഉൾപ്പെട്ട പരിഛേദനയടക്കമുള്ള ഭാരം അവരിൽ ചുമത്തരുതെന്ന തീരുമാനത്തിലെത്തി (പ്രവൃ. 15:1–35).

**വാക്യം 12**. ജാതികളിൽനിന്നു ക്രിസ്ത്യാനികളായി തീർന്നവരുടെ മുമ്പിലത്തെ അവസ്ഥ വ്യക്തമാക്കി പൗലൊസ് പ്രധാനമായും അഞ്ചു വസ്തുതകൾ നിരത്തുന്നു. ഒന്ന്, അവർ **ക്രിസ്തുവിനെ കൂടാതെ**യുള്ളവരായിരുന്നു. പാപം നിമിത്തം അ-ക്രൈസ്തവർ ദൈവമില്ലാതെ ദൈവത്തിൽനിന്നും അകന്നാണ് ജീവിച്ചിരുന്നത് (യെശ. 59:1, 2); സുവിശേഷം അനുസരിച്ചവർക്ക് മാത്രമെ ക്രിസ്തുവിനോടു ബന്ധപ്പെടുവാൻ കഴിയുകയുള്ളു. വരുവാനുള്ള മശിഹയെ കുറിച്ചു വാഗ്ദാനം ചെയ്യുന്ന തിരുവെഴുത്തുകൾ ജാതികൾക്ക് ഇല്ലായിരുന്നു, അതുകൊണ്ട്, യെഹൂദന്മാരെപോലെ അവർ മശിഹാക്ക് വേണ്ടി കാത്തിരുന്നില്ല. എങ്ങനെയായാലും, മശിഹാ വന്നത് യിസ്രായേലിൽകൂടെയായിരുന്നു (റോമർ 9:4, 5).

രണ്ട്, അവർ **യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരായിരുന്നു**. "പൗരത" എന്നത് *പൊലിടെയിയോ* തർജിമ ചെയ്തതാണ്, അതിന്റെ അർത്ഥം, "*ഒരു അവസ്ഥ*," അല്ലെങ്കിൽ, "*പൗരന്റെ അവകാശങ്ങളുള്ള പൗരത്വം*."[1] ജാതികൾ തങ്ങളുടെ പരിവർത്തനത്തിന് മുൻപ് ദൈവത്തിന്റെ പൗരത്വാവകാശങ്ങളൊന്നും അനുഭവിച്ചിരുന്നില്ല. ക്രിസ്തു വരുന്നതിനു മുൻപ് യെഹൂദന്മാർ ദൈവം ഭരിച്ചിരുന്ന ദേശം എന്ന നിലയിൽ, ദൈവത്തോട് അവർക്ക് ഒരു നല്ല ബന്ധമുണ്ടായിരുന്നു. ജാതികൾക്ക് അത്തരം ഒരു ബന്ധം ഇല്ലായിരുന്നു. ദൈവം തന്റെ പരമാധികാരപ്രകാരം യെഹൂദന്മാരുമായി ഒരു ഉടമ്പടി ഉണ്ടാക്കിയിരുന്നു, പക്ഷെ ജാതികളോട് അങ്ങനെ ഒരു ഉടമ്പടി ഉണ്ടാക്കിയിരുന്നില്ല. ജാതികൾക്ക് യെഹൂദ പൗരതയോട് യാതൊരു സംബന്ധവുമില്ലായിരുന്നു. "സംബന്ധമില്ലാതിരിക്കുക" (*അപ്പല്ലൊട്രയിയൂ*) പറയുന്നത് "വേർപെടുത്തിയിരുന്നു"[2] എന്നാണ്. ഈ വാക്ക് പുതിയനിയമത്തിൽ മറ്റു ഭാഗങ്ങളിൽ കാണുന്നത്, കൊലൊ. 1:21 ലും, എഫെസ്യർ 4:18 ലുമാണ്, "വേർപെടുത്തി എന്നു പറഞ്ഞിരിക്കുന്നതിനാൽ മുൻപ് ബന്ധമുണ്ടായിരുന്നു എന്നു തെളിയുന്നു."[3] എങ്ങനെയായാലും, ഇവിടെ പ്രത്യേക നേട്ടങ്ങളിൽ നിന്നാണ് അവരെ വേർപെടുത്തിയത്, അബ്രഹാമിന്റേയും, യിസഹാക്കിന്റേയും, യാക്കൊബിന്റേയും പിൻഗാമികളല്ലാത്തവരെയും പഴയനിയമ കാലയളവിൽ ദൈവം ഉപയോഗിച്ചിരുന്നു (ഉല്. 14-ൽ മൽക്കിസെദേക്ക്; പുറ. 2; 3-ൽ യിത്രൊ; സംഖ്യ. 22; 23-ൽ ബിലെയാം).

മൂന്ന്, ജാതികൾ **വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരായിരുന്നു**. ഗ്രീക്ക് വേദപുസ്തകത്തിൽ "വാഗ്ദത്തം" എന്നതിനു മുൻപ് ആർട്ടിക്കിൾ ഉപയോഗിച്ച് നാം ഇങ്ങനെ വായിക്കുന്നു, "സ്ട്രെയിഞ്ചേഴ്സ് ടു ദ കവനെന്റ്സ് ഓഫ് ദ പ്രോമിസ്." "അന്യർ" എന്നു വിവരിച്ചിരിക്കുന്ന ഗ്രീക്ക് നാമം *സെനോസ്*, അർത്ഥം, "ഒരാളുടെ സ്വന്ത കുടുംബത്തിൽ പെടാത്ത,"[4] അതുകൊണ്ട്, "അവകാശം ഒന്നുമില്ല."[5] വരുവാനുള്ള രക്ഷകനെ കുറിച്ചുള്ള സന്ദേശം പങ്കിട്ടിരുന്നതാണ് "വാഗ്ദത്തം" എന്ന വാക്ക് സൂചിപ്പിക്കുന്നത് (ഉല്. 12:1–7; 22:18; 26:4; 28:14). അബ്രഹാമിനോടും, യിസഹാക്കിനോടും, യാക്കോബിനോടും, ദാവീദിനോടും ദൈവം നിയമം അല്ലെങ്കിൽ ഉടമ്പടി[6] ചെയ്തിരുന്നു. ന്യായപ്രമാണം ആ നിയമങ്ങളോട് "കൂട്ടിച്ചേർത്തതായിരുന്നതിനാൽ," പൗലൊസ് മോശെയുടെ ന്യായപ്രമാണത്തെ കറിച്ചല്ല പറയുന്നത് (ഗലാ. 3:19). ഗലാത്യർ 3:16–22–ൽ, അബ്രഹാമിനോട് ചെയ്ത നിയമവും, സിനായ് പർവ്വതത്തിൽ വെച്ചുകൊടുത്ത ന്യായപ്രമാണവും തമ്മിലുള്ള വ്യത്യാസം അവൻ പറഞ്ഞിരിക്കുന്നു. മുൻപ് പറഞ്ഞത് വാഗ്ദത്തത്തിന്റെ നിയമവും, രണ്ടാമത് പറഞ്ഞത് ന്യായപ്രമാണത്തിന്റെ ഉടമ്പടിയുമാണ്.

നാല്, അവർക്ക് **പ്രത്യാശയില്ലായിരുന്നു**. യിസ്രായേലിനെ ദൈവം ഒരു ദേശമായി തിരഞ്ഞെടുത്തതിനാൽ, ജാതികൾക്ക് ദൈവവുമായി നിയമത്തിന്റെ ബന്ധം ഇല്ലായിരുന്നു, അവർക്ക് മശിഹയെയും വാഗ്ദാനം ചെയ്തിരുന്നില്ല. ഒരു രക്ഷകനിലും, രക്ഷയിലും അവർക്ക് യാതൊരു പ്രതീക്ഷയുമില്ലായിരുന്നു. ജാതികൾ അന്യദേവന്മാരെ വിശ്വസിച്ച് അവർക്ക് ഒരു ഭാവിയുണ്ടാകുമെന്നായിരുന്നു അവരുടെ പ്രതീക്ഷ. പക്ഷെ അവർക്ക് *വാസ്തവത്തിൽ*, ഒരു പ്രത്യാശയുമില്ലായിരുന്നു എന്നാണ് പൗലൊസ് പറഞ്ഞത്. മരണാനന്തര ജീവിതത്തെ കുറിച്ച് അവരുടെ അറിവ് തെറ്റായ പ്രത്യാശയാണ് ഉളവാക്കിയിരുന്നത്. ദൈവപരിജ്ഞാനത്തെ കുറിച്ച് അവർക്ക് പരിമിതമായ അറിവു മാത്രമെ ഉണ്ടായിരുന്നുള്ളു, തിരുവെഴുത്തു പൈതൃകമോ, മശിഹയെ കുറിച്ചുള്ള വാഗ്ദാനമോ അവർക്ക് ഇല്ലായിരുന്നു. ജാതികളിൽ നിന്ന് ക്രിസ്ത്യാനികളായവരെ ആദ്യം അവരുടെ മുമ്പിലത്തെ അവസ്ഥ ഓർപ്പിച്ചശേഷം, "ക്രിസ്തു [അവരിൽ] വസിക്കുന്നതിനാൽ" പ്രത്യാശയുള്ളവരായി ഇപ്പോൾ അവർക്ക് ദൈവം ചെയ്ത പ്രവൃത്തികളെ അനുമോദിക്കുവാൻ കഴിയും (കൊലൊ. 1:27).

അഞ്ച്, അവർ **ലോകത്തിൽ ദൈവം ഇല്ലാത്തവർ** ആയിരുന്നു. ജാതികൾ ജീവിച്ചിരുന്നത് "ഈ ലോകത്തിന്റെ കാലഗതി" അനുസരിച്ചായിരുന്നു (2:2), ലോകത്തിൽ ദൈവത്തിൽനിന്നകന്ന്. അവർ തെറ്റായ ദേവന്മാരിലേക്ക് തിരിഞ്ഞതിനാൽ, അവർക്ക് ദൈവവും, വാസ്തവത്തിലുള്ള പ്രത്യാശയും നഷ്ടമായിരുന്നു. ഗലാത്യർ 4:8–ൽ, ജാതികൾ ക്രിസ്ത്യാനികളായതിനു മുൻപുള്ള അവസ്ഥയെ പൗലൊസ് വിവരിക്കുന്നു: "എന്നാൽ അന്ന്, നിങ്ങൾ ദൈവത്തെ അറിയാതെ, സ്വഭാവത്താൽ ദൈവങ്ങളല്ലാത്തവക്ക് അടിമപ്പെട്ടിരുന്നു." ജാതികൾ മുൻപ് സത്യദൈവത്തെ അറിഞ്ഞിരുന്നില്ല, അവർ "ദൈവം ഇല്ലാത്തവർ" ആയിരുന്നു (*അതെയോസ്*). അവരെ കുറിച്ച് പൗലൊസ് വിലയിരുത്തിയത്, അവർ ദൈവമില്ലാത്തവരും ലോകത്തിൽ പ്രത്യാശയില്ലാത്തവരും എന്നാണ്.

### ക്രിസ്തു മൂലം സമീപസ്ഥരാക്കി
### (2:13)

**[13]മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തു**

**വിന്റെ രക്തത്താൽ സമീപസ്ഥരായി തീർന്നു.**

**വാക്യം 13**. ജാതികളിൽനിന്നു ക്രിസ്ത്യാനികളായവർക്കും, പൗലൊസ് തീർച്ചയായും സുവാർത്ത നൽകുന്നു. "എന്നാൽ ദൈവമോ" എന്നു പറഞ്ഞുകൊണ്ടാണ് വാക്യം 4 ആരംഭിച്ച് ക്രിസ്തുവിനെ അറിഞ്ഞു ക്രിസ്തുവിലാകുന്നതിനു മുൻപും അതിനുശേഷമുള്ള അവസ്ഥയും കാണിച്ച് അന്തരം വ്യക്തമാക്കി, **എന്നാൽ ഇപ്പോൾ** എന്നു പറഞ്ഞ് വാക്യം 13 ആരംഭിക്കുന്നു. വാക്യം 13 മുതൽ 22 വരെ സുവിശേഷം അനുസരിക്കുന്നതിനു മുൻപുള്ള അവരുടെ ജീവിതം എത്ര വ്യത്യാസമുള്ളതായിരുന്നു എന്ന് ബോധ്യമാക്കുന്നു. **മുമ്പെ** എന്നതിന്റെ അന്തരം ജനിപ്പിക്കുന്നതാണ് "ഇപ്പോൾ" എന്ന വാക്ക്. മുമ്പെ **ദൂരസ്ഥരായിരുന്ന** ജാതികൾ **ക്രിസ്തുവിൽ** ആയപ്പോൾ, **പരിവർത്തനത്താ** സമീപസ്ഥരായി തീർന്നു.

പഴയ നിയമത്തിൽ ജാതികളെ "ദൂരസ്ഥരായവർ" എന്നാണ് വിളിച്ചിരുന്നത് (ആവ. 29:22; 1 രാജാ. 8:41; യിരെ. 5:15), എന്നാൽ യിസ്രായേൽ വിചാരിച്ചിരുന്നത് തങ്ങൾ "അടുത്തുള്ളവർ" എന്നാണ് (സങ്കീ. 148:14). എങ്ങനെയായാലും, അദ്ധ്യായം 2 ലെ ശേഷം ഭാഗം സൂചിപ്പിക്കുന്നതുപോലെ, യെഹൂദന്മാരും ജാതികളും ക്രിസ്തുവിൽ ഒന്നാക്കി സൃഷ്ടിക്കുന്നതിനെയാണ്, എഫെസ്യർ 2-ൽ ജാതികൾ സമീപസ്ഥരായി തീർന്നു എന്നു പറഞ്ഞത്.

**ക്രിസ്തുവിന്റെ രക്തം** മുഖാന്തരമാണ് യെഹൂദന്മാർക്കും ജാതികൾക്കും അടുത്തു വരുവാനുള്ള സാധ്യത തെളിഞ്ഞത്. അത് "അനേകരുടെ പാപങ്ങളുടെ മോചനത്തിനായി ക്രൂശിൽ ക്രിസ്തു രക്തം ചിന്തിയതിനെയാണ്" പറയുന്നത് (മത്താ. 26:28). ക്രൂശിന്റെ സന്ദേശത്തിൽ, അവൻ നമ്മുടെ പാപങ്ങൾ വഹിച്ച് മരണം സ്വയം ഏറ്റെടുത്തത് നാം അവന്റെ നീതി നമ്മിൽ വഹിക്കേണ്ടതിനായിരുന്നു (2 കൊ. 5:21). പാപികളായിരുന്നതുകൊണ്ട്, നമുക്ക് സ്വയം നീതിമാന്മാരാകുവാൻ കഴിയുമായിരുന്നില്ല (റോമർ 6:20). നമ്മിൽ നീതി ഇല്ലാതിരുന്നതിനാൽ, ദൈവം നമ്മെ നീതീകരിക്കുന്നതുവരെ നമുക്ക് ദൈവത്തോട് ബന്ധം പുലർത്തുവാനും കഴിയുമായിരുന്നില്ല.

"സമീപസ്ഥരാക്കി" എന്നു പൗലൊസ് പറഞ്ഞത് തീർച്ചയായും ദൈവത്തിന്റെ സമീപം എന്നാണർത്ഥം. എബ്രായ ലേഖകൻ എബ്രായ ക്രിസ്ത്യാനികളോട് പറയുന്നത് "യേശുവിന്റെ രക്തത്താൽ നമുക്ക് അതിവിശുദ്ധ സ്ഥലത്ത് ധൈര്യത്തോടെ പ്രവേശിക്കാം" (എബ്രാ. 10:19). പിന്നെ അവൻ "അടുത്തു ചെല്ലുക" എന്നു പ്രബോധിപ്പിച്ചിരിക്കുന്നു (എബ്രാ. 10:22). പരിശുദ്ധനായ ദൈവത്തിന് നമ്മെ അവന്റെ അടുക്കലേക്ക് ക്ഷണിക്കുവാൻ കഴിയും, കാരണം അവൻ അതിനുള്ള വഴി ഒരുക്കിയിരിക്കുകയാണ്-ക്രിസ്തുവിന്റെ രക്തത്താൽ. നാം ക്രിസ്തുവിൽ ആകുമ്പോൾ, അവനെ സ്നാനത്തോടുകൂടി ധരിക്കുന്നതിനാൽ നമ്മെ നീതീകരിക്കുന്നതായി പ്രഖ്യാപിക്കുന്നു. പാപത്തോടുള്ള ദൈവത്തിന്റെ കോപം അവൻ ക്രൂശിൽ ഒഴുക്കി, അങ്ങനെ സ്നാനം ഏൽക്കുന്ന പാപികളിലേക്ക് അവന്റെ കരുണ ഒഴുക്കി. അതുകൊണ്ട്, പാപികളെ നീതീകരിക്കുന്ന നീതിമാനായി തീർന്നു (റോമർ 3:26), കാരണം അവന്റെ പരിശുദ്ധി ആവശ്യപ്പെടുന്നത് ക്രൂശിലെ രക്തം നൽകി.

ഈ സമയത്ത് ഒരു ചോദ്യത്തിന് ഉത്തരം നൽകേണ്ടിയിരിക്കുന്നു. എന്തുകൊണ്ട് പാപികളുടെ നീതീകരണത്തിന് രക്തം ആവശ്യമായിരിക്കുന്നു? പഴയ നിയമത്തിലുടനീളം മൃഗയാഗങ്ങൾ അർപ്പിച്ചിരുന്നു. അത് ആവർത്തിച്ചാ

വർത്തിച്ച് ചെയ്തിരുന്നത് പൂർണ്ണമായി പാപപരിഹാരം അതിനാൽ ലഭിച്ചിരുന്നില്ല എന്നു തെളിയിക്കുന്നു (എബ്രാ. 10:1-4). എങ്ങനെയായാലും, ദൈവത്തിന്റെ വാസ്തവത്തിലുള്ള കുഞ്ഞാടായിരുന്ന ക്രിസ്തുവിന്റെ ഏകയാഗത്താൽ എന്നേക്കുമുള്ള പാപമോചനം സാധ്യമാക്കിയതിന്റെ നിഴലായിരുന്നു കഴിഞ്ഞ മൃഗയാഗങ്ങളെല്ലാം (യോഹ. 1:29; എബ്രാ. 10:10-14). ലോകത്തെ വീണ്ടെടുക്കുവാൻ എന്തുകൊണ്ട് അവന്റെ രക്തം ആവശ്യമായി വന്നു? ന്യായപ്രമാണ വ്യവസ്ഥയെ കുറിച്ച് പറയുമ്പോൾ, ലേവ്യാപുസ്തകം 17:11 പറയുന്നു, "മാംസത്തിന്റെ ജീവൻ രക്തത്തിലല്ലോ." നമ്മുടെ അപൂർണ്ണ ജീവിതത്തിന് യേശുവിന്റെ തികഞ്ഞ ജീവനാണ് ആ യാഗത്തിൽ നൽകിയത്. നാം ജീവിക്കേണ്ടതിനാണ് അവൻ രക്തം ഒഴുക്കിയത്-ആത്മിയമായും, നിത്യമായും.

## പ്രായോഗികത

### ക്രിസ്തുവിലുള്ള അനുഗ്രഹങ്ങൾ (2:13)

എഫെസ്യർ 2-ൽ പറയുന്ന അനുഗ്രഹങ്ങൾ ക്രിസ്തുവിൽ മാത്രമാണുള്ളത് (2:13). ക്രൂശിലെ ക്രിസ്തുവിന്റെ യാഗത്താൽ എത്തിക്കുന്ന ദൈവത്തിന്റെ സ്നേഹത്താലും, കരുണയാലും, കൃപയാലുമുള്ള ക്ഷണം എല്ലാ വ്യക്തികൾക്കുമുള്ളതാണ്. ദൈവത്തിൽനിന്നുള്ള അകൽച്ച ഒഴിവാകുന്നത് അവനെ അനുസരിച്ച് പ്രതികരിക്കുമ്പോഴാണ്. വിശ്വാസ പ്രതികരണത്തിൽ "ക്രിസ്തുവിനോട് ചേരുവാനുള്ള സ്നാനവും" ഉൾപ്പെട്ടിരിക്കുന്നു (റോമർ 6:3), വിശ്വസിച്ച്, ആശ്രയിച്ച് അവനെ അനുസരിക്കുന്നവരെയാണ് അവൻ രക്ഷിക്കുന്നത്. ഈ വിധത്തിൽ ദൈവത്തിന്റെ ക്ഷണം സ്വീകരിക്കുമ്പോഴാണ് "വിശ്വാസം മൂലം ... കൃപയാൽ രക്ഷിക്കപ്പെടുന്നത്" (2:8).

ജേയ് ലോക്ഹാർട്ട്

---

കുറിപ്പുകൾ

[1]സി. ജി. വിൽകെ വിൽബാൾഡ് ഗ്രിം, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* ട്രാൻസ്. ആന്റ് റെവ. ജോസഫ് ഹെൻറി തേയർ (എഡിൻബറോ: ടി & ടി ക്ലാർക്ക്, 1901; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977), 528; കൂടാതെ നോക്കുക ബാൾട്ടർ വാവെർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: ഷിക്കാഗോ യൂണിവേഴ്സിറ്റി പ്രസ്, 2000), 845. [2]ആൻഡ്രൂ ടി ലിങ്കൺ, *എഫെഷ്യൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്സ്, 1990), 137. [3]ഇബിഡ്. [4]എതെൽബർട്ട് ഡബ്ലിയു. ബല്ലിഞ്ചർ, *ഏ ക്രിട്ടിക്കൽ ലെക്സിക്കൻ ആന്റ് കൺകോഡൻസ് ടു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യു ടെസ്റ്റമെന്റ്* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, എൻ. ഡി.; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജെൻസി റെഫറൻസ് ലൈബ്രറി, 1975), 741. [5]കെന്നെത്ത് എസ് വൂവെസ്റ്റ്, *വൂവെസ്റ്റ്'സ് വേർഡ് സ്റ്റഡീസ് ഫ്രം ദ ഗ്രീക്ക് ന്യു ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ*: എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1953), 73. [6]ബല്ലിഞ്ചർ, 192.